ഡോ. അനീസ് അഹ്മദ്/മുഹ്സിന അബ്ദുല്‍ ഗഫൂര്‍, ഹിബ അശ്റഫ്



(അന്താരാഷ്ട്ര പ്രശസ്തനായ സാമൂഹിക ശാസ്ത്രജ്ഞനാണ് ഡോ. അനീസ് അഹ്മദ്. പെന്‍സില്‍വാനിയയിലെ (അമേരിക്ക) ടെംപിള്‍ യൂനിവേഴ്സിറ്റിയില്‍നിന്ന് ഡോക്ടറേറ്റ് നേടി. അക്കാദമികവും അല്ലാത്തതുമായ നിരവധി പദവികള്‍ വഹിച്ചു. ഇപ്പോള്‍ ഇസ്‌ലാമാബാദിലെ റിഫാഹ് ഇന്റര്‍നാഷനല്‍ യൂനിവേഴ്സിറ്റിയുടെ വൈസ്ചാന്‍സലറും മലേഷ്യയിലെ ഇസ്‌ലാമിക് യൂനിവേഴ്സിറ്റിയില്‍ മാനവിക ശാസ്ത്ര വകുപ്പ് ഡീനുമാണ്. *മഗ്‌രിബ് ഔര്‍ ഇസ്‌ലാം* (പടിഞ്ഞാറും ഇസ്‌ലാമും) എന്ന ഉര്‍ദു ത്രൈമാസികയുടെ എഡിറ്റര്‍ ഇന്‍ ചീഫായും പ്രവര്‍ത്തിക്കുന്നു. നിരവധി പുസ്തകങ്ങളുടെ കര്‍ത്താവ്. ഒരു അന്തര്‍ദേശീയ വിദ്യാഭ്യാസ സമ്മേളനത്തില്‍ പങ്കെടുക്കാനായി മലേഷ്യയിലെത്തിയ ഡോ. അനീസ് അഹ്മദുമായി, *പ്രബോധന*ത്തിന് വേണ്ടി മലേഷ്യയിലെ ഇന്റര്‍നാഷനല്‍ ഇസ്‌ലാമിക് യൂനിവേഴ്സിറ്റിയിലെ വിദ്യാര്‍ഥിനികളായ മുഹ്സിന അബ്ദുല്‍ ഗഫൂറും ഹിബ അശ്റഫും സംസാരിക്കുന്നു).

# പ്രബോധകന്‍ അഭിസംബോധിതരെ അറിഞ്ഞിരിക്കണം

**നാല് പതിറ്റാണ്ടായി ഇസ്‌ലാമിക പ്രബോധന മേഖല(ദഅ്വ)യില്‍ സജീവമാണല്ലോ താങ്കള്‍. ഇസ്‌ലാമിക പ്രബോധകര്‍ നേരിടുന്ന പ്രധാന പ്രശ്നങ്ങള്‍ എന്തൊക്കെയാണ്?**

ഒരാള്‍ക്ക് ഇസ്‌ലാമിനെ പരിചയപ്പെടുത്തുക, അല്ലെങ്കില്‍ അയാളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുക-ഇതാണ് ലളിതമായി പറഞ്ഞാല്‍ ദഅ്വാ പ്രവര്‍ത്തനം. മുസ്‌ലിം സമൂഹം എന്നാല്‍

ദഅ്‌വത്ത് നിർവഹിക്കുന്ന സമൂഹം എന്നാണർഥം. നന്മയിലേക്ക് ക്ഷണിക്കുകയും തിന്മ തടയുകയും ചെയ്യുന്ന സമൂഹം. അടിസ്ഥാനപരമായി, മനുഷ്യസമൂഹത്തെ സത്യത്തിലേക്ക് സ്വാഗതം ചെയ്യുന്നതിന്റെ പേരാണ് പ്രബോധനം.

ദഅ്‌വ എന്ന ആശയത്തിന് എന്തെങ്കിലും പ്രശ്നമുള്ളതായി ഞാൻ കരുതുന്നില്ല. ഈ സന്ദേശം കൈമാറുന്നേടത്താണ് പ്രശ്നമുള്ളത്. തകരാറ് ദഅ്‌വക്കല്ല, ദാഇക്ക് (പ്രബോധകന്)ആണെന്ന് ചുരുക്കം. താൻ ആരെയാണ് അഭിസംബോധന ചെയ്യുന്നതെന്ന് പ്രബോധകൻ അറിയാതിരുന്നാൽ പ്രശ്നമുണ്ടാകും. ഉദാഹരണത്തിന്, ഞാൻ ഒരു പറ്റം ചെറുപ്പക്കാരെ അഭിസംബോധന ചെയ്യുന്നു. പക്ഷേ, ഞാൻ നടത്തുന്നത് മുതിർന്നവർക്ക് പറ്റിയ ഒരു പ്രസംഗമാണ്. ഇവിടെ ഞാൻ പരാജയപ്പെട്ടാൽ അത് എന്റെ കുറ്റമാണ്, സദസ്യരുടെ കുറ്റമല്ല. അതുപോലെ, പേർഷ്യൻ ഭാഷ മാത്രം വശമുള്ള ഒരു സദസ്സിന്റെ മുമ്പിൽ ചെന്ന് ഇംഗ്ലീഷിൽ പ്രസംഗിക്കുക, ബിസിനസ്സിൽ താൽപര്യമുള്ള ഒരു സംഘത്തോട് ബെയ്സ് ബാളിനെക്കുറിച്ച് വാചാലനാവുക ഇതൊക്കെ പ്രബോധകന്റെ തകരാറാണ്, പ്രബോധനത്തിന്റേതല്ല. 'ഓരോ വിഭാഗത്തിന്റെയും ഭാഷയിൽ' (ബി ലിസാനി ഖൗമിഹി) ആയിരിക്കണം പ്രബോധനം നടത്തേണ്ടത് എന്നാണ് ഖുർആൻ നമ്മോട് പറയുന്നത്.

**മുസ്‌ലിം ഭൂരിപക്ഷ നാടുകളിൽ ഇറങ്ങുന്ന ദഅ്‌വാ സംബന്ധിയായ പുസ്തകങ്ങളും മറ്റും മുസ്‌ലിം ന്യൂനപക്ഷ രാജ്യങ്ങളിൽ അനുയോജ്യമല്ല എന്നൊരു വാദമുണ്ട്. താങ്കൾ എന്തു പറയുന്നു?**

ദഅ്‌വ പ്രവർത്തനത്തിന് പ്രയോജനപ്പെടുത്തുന്ന സാമഗ്രികളെക്കുറിച്ച തൊലിപ്പുറമെയുള്ള ഒരു വിലയിരുത്തലാണിത്. ഉർദുവിലോ പേർഷ്യനിലോ അറബിയിലോ ഹിന്ദിയിലോ എഴുതപ്പെട്ടു എന്നതുകൊണ്ടു മാത്രം ഒരു പുസ്തകവും അതത് നാടുകളിലേ ഉപയോഗിക്കാവൂ എന്നില്ല. ദഅ്‌വയുടെ ചില മൗലിക തത്ത്വങ്ങൾ ആഗോളമാനമുള്ളവയാണ്. ഏതു നാട്ടിൽ, ഏത് ഭാഷയിൽ അവ എഴുതപ്പെട്ടു എന്നതിന് പ്രത്യേകിച്ച് പ്രാധാന്യമൊന്നുമില്ല. എന്നാൽ ഓരോ നാടിന്റെയും പരിതസ്ഥിതികൾ കണക്കിലെടുക്കുകയും വേണം. സന്ദേശക്കൈമാറ്റത്തിനുള്ള കാര്യക്ഷമമായ രീതി, ഓരോ നാട്ടിലെയും പ്രബോധകൻ തന്റെ യുക്തിയും ചിന്തയും ഉപയോഗിച്ച് വികസിപ്പിച്ചെടുക്കേണ്ടതാണ്. ഇന്ത്യയിലോ പാകിസ്താനിലോ എഴുതപ്പെട്ട ദഅ്‌വാ പുസ്തകങ്ങൾ അമേരിക്കയിലോ യൂറോപ്പിലോ പ്രസക്തമല്ലെന്ന് പറയുന്നത് ഉപരിപ്ലവമായ വീക്ഷണമാണ്.

**ബഹുസ്വരസമൂഹത്തിൽ ജീവിക്കുന്ന സമൂഹങ്ങളാണ് ഈ വിഷയം ഉയർത്തിക്കൊണ്ടുവരുന്നത്. ദഅ്‌വാ മേഖലയിലും ബഹുസ്വരത ഒരു വിവാദ വിഷയമാണല്ലോ. ഇക്കാര്യത്തിൽ താങ്കളുടെ അഭിപ്രായം എന്താണ്?**

കാര്യങ്ങൾ ചെയ്യാൻ ഒന്നിലധികം വഴികളുണ്ടായിരിക്കുക- ഇതാണ് ബഹുസ്വരത (pluralism). 'നിങ്ങൾക്ക് നിങ്ങളുടെ മതം, എനിക്ക് എന്റെ മതം' എന്ന് ഖുർആൻ പറയുമ്പോൾ, ഇസ്‌ലാമിക രാഷ്ട്രത്തിലും സമൂഹത്തിലും അവിശ്വാസികളുടെയും ബഹുദൈവവിശ്വാസികളുടെയും സാന്നിധ്യം അംഗീകരിക്കുകയാണ് ചെയ്യുന്നത്. ഒരു മതം മാത്രമുള്ള ഏകശിലാ രാഷ്ട്രമായിരിക്കില്ല ഇസ്‌ലാമിക രാഷ്ട്രം. വിവിധ മതവിഭാഗങ്ങൾ നൂറ്റാണ്ടുകളോളം ഇസ്‌ലാമിക രാഷ്ട്രത്തിൽ ഒത്തൊരുമയോടെ ജീവിച്ചിരുന്നുവെന്നതിന് ചരിത്രം സാക്ഷിയാണ്. ഇസ്‌ലാമിക വിശ്വാസക്രമം സ്വീകരിക്കാൻ ഒരു ജനവിഭാഗവും നിർബന്ധിക്കപ്പെടുകയില്ല; പകരം അവർക്ക് മത

സ്വാതന്ത്ര്യം അനുവദിക്കുകയാണ് ചെയ്യുന്നത്. അതേസമയം ഇവരെ മുസ്‌ലിംകൾ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുക്കൊണ്ടിരിക്കുകയും വേണം. സ്വന്തം രാഷ്ട്ര പരിധിക്കകത്ത് മറ്റു വിശ്വാസക്രമങ്ങളുടെ സാന്നിധ്യം അംഗീകരിച്ച ഏക ലോക മതം ഇസ്‌ലാമാവാനും കാരണം മറ്റൊന്നല്ല. "അല്ലാഹു ഒരു വിഭാഗത്തെ മറ്റൊരു വിഭാഗത്തെക്കൊണ്ട് തടഞ്ഞില്ലായിരുന്നുവെങ്കിൽ മഠങ്ങളും ചർച്ചുകളും പ്രാർഥനാലയങ്ങളും പള്ളികളും തകർക്കപ്പെടുമായിരുന്നു" (*അൽഹജ്ജ്* 40) എന്ന് ഖുർആൻ പറയുന്നു. വിവിധ മതവിശ്വാസികളുടെ ആരാധനാലയങ്ങളെ ആദരിക്കണമെന്ന് മാത്രമല്ല, അവ തകർക്കപ്പെടാതെ സംരക്ഷിച്ച് നിർത്തേണ്ടതുണ്ടെന്നുമാണ് ഈ സൂക്തം മുസ്‌ലിംകളെ ഉണർത്തുന്നത്. വിവിധ മതവിശ്വാസങ്ങളുടെ സാന്നിധ്യം അംഗീകരിക്കുന്നു എന്നതിനർഥം ആ വിശ്വാസക്രമങ്ങളെല്ലാം ശരിയാണ് എന്നല്ല. വിവിധ മതവിഭാഗങ്ങളുടെ സഹവർത്തിത്വം ഇസ്‌ലാം അംഗീകരിക്കുന്നു എന്നു മാത്രമാണതിനർഥം. സത്യമായതെന്തോ അതിനെ മാത്രമേ സത്യമായി അംഗീകരിക്കാൻ ഇസ്‌ലാം തയാറാകൂ. അതിനാൽ ബഹുസ്വരതയെ നാം അംഗീകരിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്നതോടൊപ്പം തന്നെ, അത് പാശ്ചാത്യർ ഉയർത്തിക്കാട്ടുന്ന ബഹുസ്വരതയല്ല എന്നും മനസ്സിലാക്കേണ്ടതുണ്ട്.

**പ്രബോധിതരുമായി ഇടപഴകുമ്പോൾ ശ്രദ്ധിക്കേണ്ടത് എന്തൊക്കെയാണ്?**

നിങ്ങൾ ഒരാളെ കണ്ടുമുട്ടുന്നു. അയാൾ കള്ള് കുടിക്കുന്നുണ്ട്, നൈറ്റ് ക്ലബ്ബുകളിൽ പോയി നൃത്തം ചെയ്യുന്നുണ്ട്. അതുപോലുള്ള അധാർമിക വൃത്തികളിലൊക്കെ ഏർപ്പെടുന്നു. പക്ഷേ അയാളിൽ ഇസ്‌ലാമിനോട് താൽപര്യം കാണാനുണ്ട്. കള്ളുകുടിയുടെയും മറ്റു അധാർമിക വൃത്തികളുടെയും തിന്മകളെക്കുറിച്ച് ഒരു പ്രഭാഷണമാണോ നിങ്ങൾ അയാളുടെ മുന്നിൽ നടത്തുക, അതോ അയാളിലെ നന്മകൾ എടുത്തു പറഞ്ഞുകൊണ്ടാണോ നിങ്ങൾ അയാളെ സമീപിക്കുക? ഈ മനുഷ്യൻ ഒരിക്കലും ഒരു കപടനല്ല. അതിനാൽ നിങ്ങൾ ആദ്യം ചെയ്യേണ്ടത് അയാളിലുള്ള നന്മയുടെ വശങ്ങൾ ഉയർത്തിക്കാട്ടുകയും അംഗീകരിക്കുകയും അത്തരം ഗുണങ്ങൾ അവയുടെ പൂർണതയിൽ ഉണ്ടാക്കിയെടുക്കുകയാണ് ഇസ്‌ലാമിന്റെ ലക്ഷ്യമെന്ന് അയാളെ ബോധ്യപ്പെടുത്തുകയുമാണ്. ഇത്രയും അയാൾ അംഗീകരിച്ചു കഴിഞ്ഞാൽ, അധാർമികവൃത്തികളിൽനിന്ന് അയാളെ രക്ഷപ്പെടുത്താൻ നിങ്ങളാലാവുന്ന സഹായങ്ങളൊക്കെ ചെയ്തുകൊടുക്കുക. ഇതാണ് പ്രബോധനത്തിലെ യുക്തി (ഹിക്മത്ത്) എന്ന് പറയുന്നത്. ഹിക്മത്ത് എന്നാൽ ഒത്തുതീർപ്പിലാവുക എന്ന് അർഥമില്ല. ചുവടുവെപ്പുകളെക്കുറിച്ചും ലക്ഷ്യങ്ങളെക്കുറിച്ചും വ്യക്തമായ ധാരണയുണ്ടാവുക എന്നതാണ് ഹിക്മത്ത് കൊണ്ട് ഉദ്ദേശിക്കുന്നത്. ആദ്യത്തെ ചുവടുവെപ്പ് ഏത്, പിന്നത്തെ ചുവടുവെപ്പ് ഏത് എന്ന് നമുക്ക് വ്യക്തമായ ധാരണ വേണം.

**സ്ത്രീകളോടുള്ള സമീപനമാണ് ഇസ്‌ലാമിന്റെ സ്വീകാര്യതക്ക് മങ്ങലേൽപിക്കുന്നതെന്ന് ചിലർക്ക് അഭിപ്രായമുണ്ട്. ഇസ്‌ലാം സ്ത്രീശാക്തീകരണത്തെ എതിർക്കുന്നു എന്ന അഭിപ്രായത്തെ താങ്കൾ എങ്ങനെ കാണുന്നു?**

ഇസ്‌ലാം സ്ത്രീയെയും പുരുഷനെയും ശാക്തീകരിക്കുന്നു. വിശ്വാസവും (ഈമാൻ) സദ്‌വൃത്തികളു(അഅ്മാലു സ്വാലിഹാത്ത്)മാണ് ശാക്തീകരണത്തിന്റെ ഊർജസ്രോതസ്സുകൾ. ലിംഗ മേധാവിത്വമോ വിധേയത്വമോ ഇസ്‌ലാം അംഗീകരിക്കുന്നില്ല. നിങ്ങളിൽ പുരുഷനോ സ്ത്രീയോ ആരായിരുന്നാലും, അല്ലാഹുവിനെ അനുസരിക്കുകയും നന്മ ചെയ്യുകയും തിന്മയിൽനിന്ന് വിട്ടുനിൽക്കുകയും ചെയ്താൽ, യാതൊരു

വിവേചനവുമില്ലാതെ ഇരുവരുടെയും പാപങ്ങൾ പൊറുക്കപ്പെടുമെന്നും അവർക്ക് തുല്യമായി പ്രതിഫലം നൽകുമെന്നും ഖുർആൻ പ്രഖ്യാപിക്കുന്നു (3: 95). സ്ത്രീക്കുള്ള പ്രതിഫലത്തിന്റെ ഇരട്ടി പുരുഷന് കിട്ടുമെന്ന് അവിടെ പറഞ്ഞിട്ടില്ല. ലിംഗ മേധാവിത്വത്തിന്റെ മതമല്ല ഇസ്‌ലാം എന്നതിനാലാണ് ഇത്. ലിംഗ സമത്വത്തിന്റെ മതമാണത്. ഇരു വിഭാഗത്തിനും തുല്യ പദവി നൽകിക്കൊണ്ട് ഇസ്‌ലാം സ്ത്രീയെ ശക്തയാക്കുന്നു. ഏതെങ്കിലും ലോക മതത്തിനോ ഫെമിനിസത്തിന് പോലുമോ ഈ അവകാശങ്ങൾ സ്ത്രീക്ക് നൽകാൻ കഴിഞ്ഞിട്ടില്ല.

**ഒരുപാട് യുവതീ യുവാക്കൾ വഴിതെറ്റിപ്പോവുന്നതായി കാണുന്നു. ഇത് പ്രബോധന മേഖലക്ക് തിരിച്ചടിയല്ലേ?**

നല്ല ചോദ്യം. പക്ഷേ, ചോദ്യത്തിന് ചെറിയൊരു തിരുത്ത് ആവശ്യമുണ്ട്. വഴി തെറ്റുന്നത് യുവതീ യുവാക്കൾ മാത്രമാണോ? യുവതലമുറയെക്കുറിച്ച് പറയുമ്പോൾ ഒരമ്പത് വർഷം മുമ്പുള്ള അവസ്ഥ നിങ്ങൾ ആലോചിക്കണം. ഇന്ന് കാണുന്നതു പോലുള്ള ആഭിമുഖ്യം അന്ന് ചെറുപ്പക്കാർ ഇസ്‌ലാമിനോട് കാണിച്ചിരുന്നോ? നാണയത്തിന്റെ ഒരു വശം മാത്രമേ പലപ്പോഴും നാം കാണുന്നുള്ളൂ. മുമ്പത്തേക്കാൾ എത്രയോ അധികം ചെറുപ്പക്കാർ ഇന്ന് ഇസ്‌ലാമിലേക്ക് ആകൃഷ്ടരാവുന്നുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിനാൽ വഴിതെറ്റിപ്പോവുന്നവരിലല്ല, ഇസ്‌ലാമിനോട് ചേർന്നുനിൽക്കുന്നവരിലാണ് എന്റെ ശ്രദ്ധ. അവർക്ക് ശരിയായ മാർഗനിർദേശവും വിദ്യാഭ്യാസവും നൽകി ഇസ്‌ലാമിന്റെ പ്രകാശ വാഹകരാക്കി മാറ്റുക എന്നതാണ് നമ്മുടെ പണി. കുറച്ചു പേർ വഴിതെറ്റിപ്പോകുന്നുണ്ടോ എന്ന ആധിയിൽനിന്ന് മുക്തരായി, ഈ ക്രിയാത്മക വശത്തിലാവണം നാം ഊന്നേണ്ടത്.

ഇതിനർഥം വഴിതെറ്റിപ്പോകുന്നവരെ ശ്രദ്ധിക്കേണ്ട എന്നല്ല. രണ്ട് കൂട്ടരുടെ കാര്യത്തിലും നമുക്ക് ബാധ്യതയുണ്ട്. നാം നമ്മുടെ കാഴ്ചപ്പാടുകളിൽ മാറ്റം വരുത്തണം. നിഷേധാത്മക വശം മാത്രം ആലോചിച്ച് ആധി കൊള്ളുന്നതിന് പകരം, അതിന്റെ ക്രിയാത്മക വശത്തേക്ക് കൂടി കണ്ണ് പായിക്കുക. ശുഭാപ്തിവിശ്വാസികളാവുക; ദോഷൈകദൃക്കുകളാവരുത്. അത്തരം ചെറുപ്പക്കാർ എന്തുകൊണ്ട് വഴിതെറ്റുന്നു എന്ന ക്രിയാത്മക ആലോചനയും നമുക്ക് നടത്താവുന്നതാണല്ലോ.

**അത്തരം ചെറുപ്പക്കാർ എന്തുകൊണ്ടാണ് വഴിതെറ്റിപ്പോകുന്നത്? താങ്കളുടെ നിഗമനം?**

ഇതിനൊരു കാരണം അവരെ ഇസ്‌ലാം പഠിപ്പിക്കുന്ന രീതിയാണ്. ആ പഠനത്തിലൂടെ ഇസ്‌ലാം തങ്ങളുടെ ജീവിതത്തിൽ പ്രസക്തമായ ഒരു കാര്യമാണെന്ന് അവർക്ക് ബോധ്യം വരുന്നില്ല. ഉദാഹരണത്തിന്, വിശുദ്ധ ഖുർആനിലെ ഏതാനും അധ്യായങ്ങൾ മനഃപാഠമാക്കാൻ കുട്ടിക്കാലത്ത് അവർ നിർബന്ധിക്കപ്പെടുന്നു. പ്രാർഥനകൾ നടത്താനും ചില കാര്യങ്ങളിൽനിന്ന് വിട്ടുനിൽക്കാനും അവരെ നിർബന്ധിക്കുന്നു. ഈ പ്രവൃത്തികളൊക്കെ എന്തിന് എന്ന് അവരോട് വിശദീകരിക്കുന്നില്ല. അതിനാൽ നിർബന്ധത്തിന്റെയും സമ്മർദത്തിന്റെയും കാലം കഴിഞ്ഞാൽ ഇത്തരം ചടങ്ങുകൾ നിർവഹിക്കുന്നതിൽ അവർ വിമുഖരായിത്തീരുന്നു. ഖുർആൻ അവർക്ക് മനസ്സിലാകുന്നില്ലെങ്കിൽ, പിന്നെ എങ്ങനെയാണ് അവർക്കതിനെ പിൻപറ്റാനാവുക? ഇവരുടെ ഈ വിമുഖത ഇസ്‌ലാമിനോടുള്ള കലാപമായി കാണരുത്. സ്വന്തം അധ്യാപകരോ മാതാപിതാക്കളോ വേണ്ടരീതിയിൽ ഇവർക്ക് ഇസ്‌ലാം പഠിപ്പിച്ചുകൊടുത്തില്ല എന്നതാണ് ഇവിടത്തെ പ്രശ്നം.

സാധാരണഗതിയിൽ ഇത്തരക്കാർ ഭൗതിക താൽപര്യങ്ങൾക്ക് മുൻഗണന നൽകും എന്നതാണ് മറ്റൊരു കാരണം. ഇസ്‌ലാമികാനുഷ്ഠാനങ്ങൾ നിർവഹിക്കുന്നതിനെ നിരുത്സാഹപ്പെടുത്തുന്ന ഒരു തൊഴിൽ സാഹചര്യത്തിലാണ് അവർ എത്തിപ്പെട്ടതെങ്കിൽ അവർ അതിനൊപ്പിച്ച് നിൽക്കും. ഉദാഹരണത്തിന്, ഒരു മുസ്‌ലിം വനിതയുടെ കാര്യമെടുക്കാം. അവൾ തല മറച്ചിരിക്കണമെന്നാണ് ഇസ്‌ലാമിന്റെ ശാസന. എന്നാൽ അവൾ ജോലി ചെയ്യുന്ന ബഹുരാഷ്ട്ര കമ്പനിയിൽ തൊഴിലെടുക്കുമ്പോൾ പാശ്ചാത്യ വസ്ത്രധാരണ രീതിയാണ് സ്വീകരിക്കേണ്ടത്. ഭൗതിക താൽപര്യങ്ങൾക്കാണ് അവൾ മുൻഗണന കൊടുക്കുന്നതെങ്കിൽ സ്വാഭാവികമായും അവൾക്ക് ഒത്തുതീർപ്പിന് വഴങ്ങി ആ വസ്ത്രധാരണ രീതി സ്വീകരിക്കേണ്ടിവരും. നമ്മളാണെങ്കിൽ അതിനെ ഇസ്‌ലാമിനെതിരെയുള്ള കലാപമായി വ്യാഖ്യാനിക്കുന്നു. നിർബന്ധിതാവസ്ഥയിൽ ചെയ്യേണ്ടിവരികയാണ് എന്ന കാര്യം ശ്രദ്ധിക്കുന്നില്ല. പ്രത്യക്ഷത്തിൽ ഒരു വിഭാഗമാളുകൾ ഇസ്‌ലാമിനെതിരെ നീങ്ങുന്നു എന്ന് തോന്നിച്ചാലും അതങ്ങനെ ആവണമെന്നില്ല എന്നാണ് പറഞ്ഞുവരുന്നത്.

**ഇത്തരം സന്ദർഭങ്ങളെ എങ്ങനെയാണ് അഭിമുഖീകരിക്കേണ്ടത്?**

ഇത്തരമാളുകളെ സമീപിക്കുമ്പോൾ നാം നിർമാണാത്മകമായ ചുവടുവെപ്പുകളൊന്നും തന്നെ നടത്തുന്നില്ല എന്നതാണ് നമ്മുടെ വലിയ പരിമിതി. അവരിലെ ചെറിയ തോതിലുള്ള ലിബറൽ കാഴ്ചപ്പാടുകളെ വരെ നാം അടിച്ചിരുത്തുകയാണ് ചെയ്യുക. അങ്ങനെയാവുമ്പോൾ അവർ വല്ലാതെ നിരാശരാവുകയും ഇസ്‌ലാമിനോടുള്ള അവരുടെ താൽപര്യം നശിക്കുകയും ചെയ്യുന്നു. ഇവരെ ഒപ്പം നിർത്തുകയും ക്രമത്തിൽ ഇസ്‌ലാമിന്റെ യഥാർഥ രൂപം അവരെ ബോധ്യപ്പെടുത്തുകയുമാണ് വേണ്ടത്. നാം സ്വീകരിക്കേണ്ട രീതിശാസ്ത്രം ഉന്മൂലനത്തിന്റേതല്ല, തിരുത്തലിന്റേത് (ഇസ്‌ലാഹ്) ആണെന്നർഥം.

**തലമുറകൾ തമ്മിലുള്ള അന്തരമാണ് ഇതിന് കാരണമെന്ന് പറയുന്നത് ശരിയാണോ?**

തലമുറകൾ തമ്മിലുള്ള അന്തരം എന്ന ആശയത്തോട് ഞാൻ യോജിക്കുന്നില്ല. മാതാപിതാക്കളുടെ പരാജയം മറച്ചുവെക്കാനുള്ള ഒഴികഴിവായിട്ടാണ് ഞാനതിനെ കാണുന്നത്. ഇടപഴകിയും ആശയങ്ങൾ കൈമാറിയും നിങ്ങൾ നിങ്ങളുടെ മാതാപിതാക്കളോടൊപ്പമാണ് ജീവിക്കുന്നതെങ്കിൽ ജനറേഷൻ ഗ്യാപ്പിന്റെ പ്രശ്നമുണ്ടാകുന്നില്ല. അപ്പോൾ ഇരുതലമുറകളുടെയും ജീവിതശൈലിയിലും മൂല്യബോധത്തിലുമെല്ലാം നല്ല ആശയപ്പൊരുത്തം സംജാതമാവുകയും പാശ്ചാത്യർ ഉയർത്തിക്കാട്ടുന്ന തലമുറകൾ തമ്മിലെ അന്തരത്തിന് ഇടമില്ലാതാവുകയും ചെയ്യും. പാശ്ചാത്യലോകത്ത് തീർച്ചയായും ഇപ്പറഞ്ഞ അന്തരമുണ്ട്. അണുകുടുംബ സംവിധാനത്തിൽ ഈ അന്തരം വെളിപ്പെടാനുള്ള സാധ്യതയുണ്ടെന്നും നാം മനസ്സിലാക്കണം. മാതാപിതാക്കളും വല്യുമ്മ വല്യുപ്പമാരും ഒന്നിച്ച് താമസിക്കുന്ന ഒരു കൂട്ടുകുടുംബ വ്യവസ്ഥയിൽ ഇങ്ങനെയൊരു സാധ്യത നിലനിൽക്കുന്നില്ല.

**നാൽപത് വർഷമായി ദഅ്‌വാ രംഗത്ത് പ്രവർത്തിക്കുകയാണല്ലോ താങ്കൾ. സമർപ്പണ മനസ്സോടെ ഇത്രയധികം കാലം ഒരു രംഗത്ത് ഉറച്ചുനിൽക്കുക എന്നത് വലിയൊരു കാര്യം തന്നെയാണ്. ഏതെങ്കിലും വ്യക്തിയിൽനിന്ന് താങ്കൾക്കിതിന് പ്രചോദനം ലഭിച്ചിരുന്നോ?**

ഇസ്‌ലാമിക പ്രസ്ഥാന നായകരിലൊരാളായ സയ്യിദ് അബുൽ അഅ്‌ലാ മൗദൂ

ദിയുമായി അടുത്തിടപഴകാൻ സാധിച്ചത് വലിയൊരു ഭാഗ്യമായി ഞാൻ കരുതുന്നു. ഞാൻ അദ്ദേഹത്തെ ആദ്യം കാണുമ്പോൾ എനിക്ക് പന്ത്രണ്ടോ പതിമൂന്നോ വയസ്സാണ്. അദ്ദേഹത്തെ അടുത്തുനിന്ന് വീക്ഷിക്കാനും അദ്ദേഹത്തിൽനിന്ന് പഠിക്കാനും പ്രചോദനമുൾക്കൊള്ളാനും എനിക്ക് അവസരമുണ്ടായി. അത് എന്നിൽ ചെലുത്തിയ സ്വാധീനം വളരെ വലുതാണ്. ദഅ്‌വാ രംഗത്ത് സജീവ സാന്നിധ്യമായ എന്റെ മൂത്ത സഹോദരൻ ഡോ. ഖുർശിദ് അഹ്മദും എനിക്ക് പ്രചോദനം നൽകിയിട്ടുണ്ട്. എന്നോടൊപ്പമുള്ള ഒരുപാടാളുകൾ, എന്റെ കുടുംബം, പ്രത്യേകിച്ച് എന്റെ മാതാവ് ഇവരെല്ലാം എനിക്ക് ആവേശവും പ്രോത്സാഹനവും നൽകി. എനിക്ക് ശരിയായ വിധത്തിലുള്ള ഇസ്‌ലാമിക വിദ്യാഭ്യാസം നൽകാൻ എന്റെ മാതാവ് വളരെയേറെ ശ്രദ്ധിച്ചു. ദഅ്‌വാ രംഗത്ത് അർപ്പണബോധത്തോടെ തുടരാൻ എന്നെ സഹായിച്ച മറ്റൊരു ഘടകം എന്റെ അമേരിക്കൻ വാസമാണ്. ഓരോ ദിവസവും എനിക്ക് പുതിയ സന്ദർഭങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നു. പുതിയ പ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കാനും പരിഹാരങ്ങൾ കണ്ടെത്താനും ഇതെനിക്ക് സഹായകമായി.

### ഈ മേഖലയിൽ നേരിട്ട ചില പ്രശ്നങ്ങളെക്കുറിച്ച് പറയാമോ?

പ്രശ്നങ്ങൾ ഇപ്പോൾ  ഓർമ വരുന്നില്ല. പ്രശ്നങ്ങൾ ഉണ്ടാവുമ്പോൾ ഞാനവയെ സ്വാഗതം ചെയ്യുകയാണ് പതിവ്. പ്രശ്നങ്ങളുണ്ട് എന്നതിനർഥം അവിടെ ജീവിതമുണ്ട് എന്നാണ്. പ്രശ്നങ്ങളൊന്നുമില്ലേ, എന്നാലവിടെ ജീവിതവുമില്ല.

### ജീവിത ലക്ഷ്യം?

കഴിയുന്നത്ര പഠിക്കുക. മനുഷ്യരാശിക്ക് പ്രയോജനപ്പെടുന്ന സ്ഥാപനങ്ങളുടെ നിർമാണത്തിൽ പങ്കാളിയാവുക. അത് എന്നെന്നും പ്രയോജനപ്പെടുന്ന ഒരു സൽക്കർമം (സ്വദഖത്തുൻ ജാരിയ) ആവുമല്ലോ. ഈ ലക്ഷ്യസാക്ഷാത്കാരത്തിനായി മലേഷ്യയിലെ ഇസ്‌ലാമിക് യൂനിവേഴ്സിറ്റിയിൽ ഇസ്‌ലാമിക് റിവീൽഡ് നോളജ് ആന്റ് ഹ്യൂമൻ സയൻസ് (IRKHS) എന്ന ഒരു ഫാക്കൽറ്റിക്ക് തുടക്കമിട്ടുണ്ട്. ഇസ്‌ലാമാബാദിലെ ഇസ്‌ലാമിക് യൂനിവേഴ്സിറ്റിയിലും റിഫാഹ് യൂനിവേഴ്സിറ്റിയിലും സമാന സ്വഭാവമുള്ള നീക്കങ്ങൾ നടത്തുന്നുണ്ട്.

### മുസ്‌ലിം സമൂഹത്തിന് നൽകാനുള്ള സന്ദേശം?

സന്ദേശം വളരെ ലളിതമാണ്. പ്രവാചകചര്യയുടെ വെളിച്ചത്തിൽ ഖുർആൻ ആഴത്തിൽ പഠിക്കുക. ഈ രണ്ട് ഉറവിടങ്ങളുമാണ് ദഅ്‌വയെക്കുറിച്ച യഥാർഥ കാഴ്ചപ്പാട് വികസിപ്പിച്ചെടുക്കാൻ നമ്മെ സഹായിക്കുക. സ്നേഹത്തിന്റെയും അനുകമ്പയുടെയും പരസ്പര ധാരണയുടെയും അടിസ്ഥാനത്തിലുള്ള ഒരു കാഴ്ചപ്പാട്. വെറുപ്പോ അന്യവത്കരണമോ അതിന്റെ അടിസ്ഥാനമായിക്കൂടാ. ഖുർആനിലേക്കും സുന്നത്തിലേക്കും നാം ഊളിയിട്ടിറങ്ങിയാൽ ജനഹൃദയങ്ങളെ അടുപ്പിക്കാനുള്ള വഴി നമുക്ക് തുറന്നു കിട്ടാതിരിക്കില്ല. ■